# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ നായരമ്പലം ഗ്രാമപഞ്ചായത്തിന്റെ 1986-87 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 8(2) പ്രകാരം തടസ്സപ്പെടുത്തിയ 2,60,000/- (രണ്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) രൂപയും ടി പഞ്ചായത്തിന്റെ 1993-94 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 13 പ്രകാരം തടസ്സപ്പെടുത്തിയ 7,659/- (ഏഴായിരത്തി അറുനൂറ്റി അൻപത്തി ഒൻപത് രൂപ മാത്രം) രൂപയും സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ)നം.2808/2017/തസ്വഭവ. തിരുവനന്തപുരം, തീയതി. 16.08.2017

പരാമർശം:-
1) നായരമ്പലം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 21.03.2016 ലെ എ 2-329/16 നമ്പർ കത്ത്.
2) പഞ്ചായത്ത് ഡയറക്ടറുടെ 09.04.2016 ലെ എം3-11871/16 നമ്പർ കത്ത്.
3) നായരമ്പലം ഗ്രാമപഞ്ചായത്തിൽ 27.02.2016 തീയതി നടന്ന സാധാരണ മീറ്റിംഗിലെ 2(i)-ാം നമ്പർ തീരുമാനം.
4) നായരമ്പലം ഗ്രാമപഞ്ചായത്തിൽ 27.02.2016 തീയതി നടന്ന സാധാരണ മീറ്റിംഗിലെ 2(ii)-ാം നമ്പർ തീരുമാനം.
5) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 22.11.2016 ലെ എൽ.എഫ്.7359/പി.റ്റി.2/2016 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

എറണാകുളം ജില്ലയിലെ നായരമ്പലം ഗ്രാമപഞ്ചായത്തിലെ 1986-87 വർഷത്തെ സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിലെ ഖണ്ഡിക 8(2) പ്രകാരം ഇളവ് അനുവദിച്ചതിൽ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചു എന്നു കാണിച്ച് 2,60,000/- (രണ്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) രൂപയും 1993-1994 വർഷത്തെ റിപ്പോർട്ടിലെ ഖണ്ഡിക 13 പ്രകാരം വിവിധ മരാമത്ത് പ്രവൃത്തികളിൽ കൺസോളിഡേഷൻ നടത്താതെ തുക അനുവദിച്ചത് മൂലം അധികനിരക്ക് നൽകേണ്ടി വന്നു എന്ന് കാട്ടി 7,659/- (ഏഴായിരത്തി അറുനൂറ്റി അൻപത്തി ഒൻപത് രൂപ മാത്രം) രൂപയും തടസ്സപ്പെടുത്തിയിരുന്നു. ഈ രണ്ട് തടസ്സപ്പെടുത്തലുകളും സാധൂകരിച്ചു നൽകണമെന്ന് കാണിച്ച് നായരമ്പലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർ എന്നിവർ സൂചന 1, 2 പ്രകാരം സർക്കാരിന് അപേക്ഷ നൽകുകയും ആയതിൻമേൽ അടിയന്തരമായി അഭിപ്രായമറിയിക്കാൻ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറോട് സർക്കാർ ആവശ്യപ്പെടുകയും ചെയ്തിരുന്നു.

പ്രകൃതിക്ഷോഭവും മുൻകൂട്ടി കാണാൻ കഴിയാത്ത മറ്റ് കാരണങ്ങളാലും കിസ്ത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതിയോടെ ഇളവ് ചെയ്തു കൊടുത്തിട്ടുള്ളത് കൊണ്ടും പരാമർശം 3 പ്രകാരമുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ സാധൂകരണത്തിന് വേണ്ടിയുള്ള അഭ്യർത്ഥന (കമ്മിറ്റി തീരുമാനം), ഓഡിറ്റ് റിപ്പോർട്ടിന്റെ കാലപ്പഴക്കം എന്നിവ പരിഗണിച്ചും ഖണ്ഡിക 8.2 പ്രകാരമുള്ള പരാമർശത്തിൻമേൽ സർക്കാർ സാധൂകരണം നൽകുന്നതിനോ കുറ്റം മാപ്പാക്കുന്നതിനോ

തീരുമാനമെടുക്കാവുന്നതാണെന്ന് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു (പരാമർശം 5). അതോടൊപ്പം, റോഡ് റോളർ ഉപയോഗിച്ച് കൺസോളിഡേഷൻ ചെയ്തശേഷം അളവെടുക്കുന്ന അവസരത്തിൽ അളവിൽ നിന്ന് യാതൊരു കുറവും വരുത്തേണ്ടതില്ലെന്ന് 21.08.2014-ലെ 22512/AC2/LSGD സർക്കുലർ പ്രകാരം നിർദ്ദേശമുള്ളതിനാലും 27.02.2016 ലെ 2(ii)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ (പരാമർശം 4) അടിസ്ഥാനത്തിലും ഖണ്ഡിക 13 പ്രകാരമുള്ള പരാമർശത്തിന്മേൽ സർക്കാരിന് സാധൂകരണം നൽകുന്നതിനോ കുറ്റം മാപ്പാക്കുന്നതിനോ തീരുമാനിക്കാവുന്നതാണെന്നും സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ (പരാമർശം 5) അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വ്യക്തമായി പരിശോധിക്കുകയും പ്രകൃതിക്ഷോഭവും മുൻകൂട്ടി കാണാൻ കഴിയാത്ത മറ്റ് കാരണങ്ങളാലും കിസ്റ്റ് പഞ്ചായത്ത് ഡയറക്ടറുടെ അനുമതിയോടെ ഇളവ് ചെയ്ത് കൊടുത്തിട്ടുള്ളത് കൊണ്ടും പഞ്ചായത്ത് കമ്മിറ്റിയുടെ അഭിപ്രായം 27.02.2016-ലെ 2(i)-ാം നമ്പർ തീരുമാനം, ഓഡിറ്റ് റിപ്പോർട്ടിന്റെ കാലപ്പഴക്കം എന്നിവ പരിഗണിച്ചും ഖണ്ഡിക 8.2 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 2,60,000/- (രണ്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) രൂപയുടെ ചെലവിനും, റോഡ് റോളർ ഉപയോഗിച്ച് കൺസോളിഡേഷൻ ചെയ്ത ശേഷം അളവെടുക്കുന്ന അവസരത്തിൽ അളവിൽ നിന്ന് യാതൊരു കുറവും വരുത്തേണ്ടതില്ലെന്ന് 21.08.2014 ലെ 22512/AC/LSGD സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതിനാലും, 27.02.2016 ലെ 2(ii)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലും ഖണ്ഡിക 13 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 7,659/- (ഏഴായിരത്തി അറുന്നൂറ്റി അൻപത്തി ഒൻപത് രൂപ മാത്രം) രൂപയുടെ ചെലവിനും സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
സെക്രട്ടറി, നായരമ്പലം ഗ്രാമപഞ്ചായത്ത്, എറണാകുളം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്.
സ്റ്റോക്ക് ഫയൽ.

**ഉത്തരവിൻപ്രകാരം,**

**സെക്ഷൻ ഓഫീസർ**